# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 02.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ന് ഗാന്ധിജയന്തി. രാഷ്ട്രപിതാവിന്റെ ആദർശങ്ങൾക്കും മൂല്യങ്ങൾക്കും വേണ്ടി സമർപ്പിക്കാനുള്ള അവസരമാണിതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **Today is Gandhi Jayanti. President Draupadi Murmu said that this is an opportunity to dedicate ourselves to the ideals and values of the Father of the Nation.**

2. കേന്ദ്ര സർക്കാർ ഒരു ലക്ഷത്തി 1,603 കോടി രൂപയുടെ അധിക നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് അനുവദിച്ചു. കേരളത്തിന് ലഭിക്കുന്നത് 1,956 കോടി രൂപ.

   **The central government has allocated an additional tax share of Rs 1 lakh 1,603 crore to the states. Kerala will get Rs 1,956 crore.**

3. റാബി വിളകൾക്ക് താങ്ങുവില വർധിപ്പിക്കുന്നതിന് കേന്ദ്ര സാമ്പത്തികകാര്യ മന്ത്രിസഭാസമിതി അംഗീകാരം നൽകി.

   **The Union Cabinet Committee on Economic Affairs has approved the increase in the support price for rabi crops.**

4. രാജ്യമെമ്പാടും ഇന്ന് വിജയദശമി ആഘോഷിക്കുന്നു. കേരളത്തിൽ വിവിധയിടങ്ങളിൽ വിദ്യാരംഭ ചടങ്ങുകൾ പുരോഗമിക്കുന്നു.

**Vijayadashami is being celebrated across the country today. 'Vidyaramba' ceremonies are in progress in various places in Kerala.**

5. ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് പരമ്പര ഇന്ന് ആരംഭിക്കും. സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണ് ഇന്ന് കോഴിക്കോട് തുടക്കം.

**The India-West Indies Test series will begin today. The second season of Super League Kerala Football begins today in Kozhikode.**

**&&&&&&&&&&&&&&&&&&**

## HEADLINE 1

## GANDHI JAYANTHI

ഇന്ന് ഗാന്ധിജയന്തി. രാജ്ഘട്ടിലെ ഗാന്ധി സമാധിസ്ഥലത്ത് പുഷ്പാർച്ചന, സാംസ്കാരിക പരിപാടികൾ തുടങ്ങിയവ നടക്കും. ഗാന്ധിജയന്തി ദിനം അന്താരാഷ്ട്രതലത്തിൽ അഹിംസാ ദിനമായും ആചരിച്ചുവരുന്നു. 2007 ജൂണിലാണ്, മഹാത്മാഗാന്ധിയുടെ ജന്മവാർഷികദിനത്തെ, അന്താരാഷ്ട്ര അഹിംസാ ദിനമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചത്. അഹിംസയെ ഒരു സാർവത്രിക തത്വമായി അംഗീകരിച്ച യു എൻ ,ആഗോള സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും സംസ്കാരം പ്രോത്സാഹിപ്പിക്കണമെന്നും ആഹ്വനം ചെയ്യുന്നു. അന്താരാഷ്ട്ര അഹിംസാ ദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക പരിപാടി ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം കമ്മീഷൻ ഇന്ന് ന്യൂയോർക്കിൽ സംഘടിപ്പിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&&&&&**

## HEADLINE 1 A

## PREZ GANDHI JAYANTI

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 156-ാം ജന്മവാർഷികത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാഷ്ട്രപിതാവിന്റെ

ആദർശങ്ങൾക്കും മൂല്യങ്ങൾക്കും വേണ്ടി സമർപ്പിക്കാനുള്ള അവസരമാണിതെന്ന് രാഷ്ട്രപതി തന്റെ സന്ദേശത്തിൽ പറഞ്ഞു. സമാധാനം, സഹിഷ്ണുത, സത്യം എന്നീ സന്ദേശങ്ങളാണ് മഹാത്മാഗാന്ധി നൽകിയത്, അത് മനുഷ്യരാശിക്ക് മുഴുവൻ പ്രചോദനമാണെന്നും സത്യത്തിന്റെയും അഹിംസയുടെയും പാത പിന്തുടരാനും, രാജ്യത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി പ്രതിജ്ഞാബദ്ധരായിരിക്കാനും രാഷ്ട്രപതി മുർമു പൗരന്മാരോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## FIT INDIA FREEDOMN RUN

ഗാന്ധിജയന്തി ദിനാചരണത്തോടനുബന്ധിച്ച് ഇന്ന് കേരളത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഫിറ്റ് ഇന്ത്യാ മൂവ്മെൻറിൻറെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ 6.0, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ രാവിലെ ഫ്ലാഗ് ഓഫ് ചെയ്യും. നിയമസഭാ സമുച്ചയത്തിലെ ഗാന്ധിപ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തും. കിഴക്കേകോട്ട ഗാന്ധി പാർക്കിലെ മഹാത്മാ ഗാന്ധിപ്രതിമയിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടക്കും. സ്വച്ഛതാ ഹി സേവ ക്യാമ്പയിനിൻറെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ സ്വച്ഛതാ ഉത്സവ് സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

## HEADLINE 3

## CABINET- ASHWINI- INTRO

2026-27 വിപണന കാലയളവിൽ എല്ലാ റാബി വിളകൾക്കും താങ്ങുവില വർധിപ്പിക്കുന്നതിന് കേന്ദ്ര സാമ്പത്തികകാര്യ മന്ത്രിസഭാസമിതി (CCEA) അംഗീകാരം നൽകി. സാഫ്ലവറിന്

ക്വിന്റലിന് 600 രൂപയും, മസൂർ പരിപ്പിന് ക്വിന്റലിന് 300 രൂപയും വർധിപ്പിച്ചു. റാപ്സീഡ്, കടുക്, പയർവർഗങ്ങൾ, ബാർലി, ഗോതമ്പ് എന്നിവയുടെയും താങ്ങുവില വർധിപ്പിച്ചിട്ടുണ്ട്. പുതുക്കിയ താങ്ങുവില കർഷകർക്ക് ആദായകരമായ വരുമാനം നൽകുക മാത്രമല്ല, വിള വൈവിധ്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ഇന്ത്യയുടെ കാർഷിക സമ്പദ്‌വ്യവസ്ഥയിൽ കൂടുതൽ സ്ഥിരത കൈവരിക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയിസ്-അശ്വനി വൈഷ്ണവ്)

&&&&&&&&&&&&&&&&&&

## HEADLINE 2

## CENTRE-TAX DEVOLUTION

കേന്ദ്ര സർക്കാർ ഒരു ലക്ഷത്തി 1,603 കോടി രൂപയുടെ അധിക നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് അനുവദിച്ചു. ഉത്സവ സീസൺ കണക്കിലെടുത്ത് മൂലധന ചെലവ് ത്വരിതപ്പെടുത്താനും വികസനവും ക്ഷേമവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ധനസഹായം നല്കാനും ഇത് സംസ്ഥാനങ്ങളെ സഹായിക്കും. ഉത്തർപ്രദേശിനാണ് ഏറ്റവും കൂടുതൽ വിഹിതം ലഭിച്ചത് - 18,227 കോടി രൂപ. കേരളത്തിന് 1,956 കോടി രൂപ ലഭിച്ചു.

&&&&&&&&&&&&&&&&&&

## GST- FITNESS

കേന്ദ്ര സർക്കാർ കഴിഞ്ഞ മാസം 22-ന് പ്രഖ്യാപിച്ച ജി.എസ്.ടി. ഇളവുകൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനകരമാവുകയാണ്. ഫിറ്റ്നസ് സെന്ററുകൾക്കും സൈക്കിളുകൾക്കുമുള്ള ജി.എസ്.ടി കുറച്ചത് ജനങ്ങൾക്ക് ഏറെ ആശ്വാസം നൽകുന്നു. ജിംനേഷ്യം, ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ നികുതി നിരക്ക് 18 ശതമാനത്തിൽ നിന്ന് 5

ശതമാനമായി കുറച്ചതിലൂടെ ഈ മേഖലയിലെ ചെലവ് കുറയുകയും സൈക്കിളുകളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് ആരോഗ്യകരമായ ജീവിതശൈലിക്ക് പ്രോത്സാഹനം നൽകുകയും ചെയ്യും.

&&&&&&&&&&&&&&&&&&

## GOYAL- INTRO

ഇന്ത്യയും യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷനും തമ്മിലുള്ള, വ്യാപാര സാമ്പത്തിക പങ്കാളിത്ത കരാർ യൂറോപ്പുമായുള്ള ഇന്ത്യയുടെ സാമ്പത്തിക ഇടപെടലിലെ നിർണായക നടപടിയാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ ഇന്ത്യ- e f t a ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ലൈഫ് സയൻസസ്, ക്ലീൻ എനർജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വിദ്യാഭ്യാസം, ടൂറിസം തുടങ്ങിയ മേഖലകളിൽ നിരവധി അവസരങ്ങൾ തുറക്കാൻ ഈ കരാർ വഴി തെളിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

(വോയിസ്- ഗോയൽ)

&&&&&&&&&&&&&&&&&&

## HEADLINE 4

## DUSSEHRA

രാജ്യമെമ്പാടും ഇന്ന് വിജയദശമി ആഘോഷിക്കുന്നു. നവരാത്രിയുടെയും ദുർഗ്ഗാ പൂജയുടെയും പരിസമാപ്തി കുറിച്ചു കൊണ്ടാണ് ഈ ദിനം ആഘോഷിക്കുന്നത്. ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നടക്കുന്ന ദസറ ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുക്കും. ഐപി എക്സ്റ്റൻഷൻ രാംലീല കമ്മിറ്റി ദേശീയ തലസ്ഥാനത്ത് സംഘടിപ്പിക്കുന്ന ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. കേരളത്തിൽ തിരൂർ

തുഞ്ചൻപറമ്പ്, പൂജപ്പുര സരസ്വതി മണ്ഡപം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വിദ്യാരംഭ ചടങ്ങുകൾ പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&

## PREZ-VIJAYADASHAMI

രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും രാജ്യത്തെ ജനങ്ങൾക്ക് വിജയദശമി ആശംസകൾ നേർന്നു. അധർമ്മത്തിനെതിരായ ധർമ്മത്തിന്റെ വിജയത്തെ പ്രതീകപ്പെടുത്തുന്ന ഈ ഉത്സവം സത്യത്തിന്റെയും നീതിയുടെയും പാത പിന്തുടരാൻ ജനങ്ങളെ പ്രചോദിപ്പിക്കുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM- RSS

രാഷ്ട്ര പുരോഗതി ലക്ഷ്യമാക്കിയാണ് ആർ എസ് എസ് പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ശതാബ്ദി ആഘോഷങ്ങളെ പ്രധാനമന്ത്രി ഇന്നലെ അഭിസംബോധന ചെയ്തു. രാഷ്ട്രം ആദ്യം എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് പ്രസ്ഥാനം പ്രവർത്തിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. രാഷ്ട്രത്തിന്, ആർഎസ്എസ് നൽകിയ സംഭാവനകൾ പരിഗണിച്ച് പ്രത്യേകം രൂപകൽപ്പന ചെയ്ത തപാൽ സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കി.

&&&&&&&&&&&&&&&&&&

## RSS- NAGPUR

നാഗ്പൂരിലെ രശ്മിബാഗിൽ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ശതാബ്ദി വാർഷികാഘോഷവും വിജയദശമി ആഘോഷ പരിപാടിയും രാവിലെ നടക്കും.

മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദ് മുഖ്യാതിഥിയായി പങ്കെടുക്കും . സർസംഘചാലക് ഡോ. മോഹൻ ഭാഗവത് മുഖ്യപ്രഭാഷണം നടത്തും. സ്വയംസേവകരുടെ റൂട്ട് മാർച്ച്, ശാസ്ത്ര പൂജ, കായികാഭ്യാസ പ്രകടനങ്ങൾ എന്നിവ ഉൾപ്പെടുന്ന ചടങ്ങ് വീക്ഷിക്കാൻ രാജ്യമെമ്പാടുമുള്ള വിശിഷ്ടാതിഥികളെ ക്ഷണിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## SEVA PARV- INTRO

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, രാജ്യത്ത് പരിവർത്തനവും പുരോഗതിയും കൊണ്ടുവരാൻ അക്ഷീണം പ്രവർത്തിച്ചുവരികയാണ്. വടക്കുകിഴക്കൻ മേഖലയെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് ഇന്ത്യയുടെ വളർച്ചാ എഞ്ചിനാക്കി മാറ്റുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവപർവ്വിൽ ഇന്ന്.

(വോയിസ്)

## SEVA PARV- VOICE

(മ്യൂസിക്)

കാലങ്ങളായി അവഗണിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് അവിടെ സമഗ്ര വികസനത്തിനായുള്ള പ്രവർത്തനങ്ങളാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ പതിനൊന്ന് വർഷമായി നടത്തിവരുന്നത്. വികസിത ഭാരതം കൈവരിക്കുന്നതിൽ വടക്ക് കിഴക്കൻ ഇന്ത്യയുടെ നിർണായക പങ്കിനെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി.

(പ്രധാനമന്ത്രി- വോയിസ്)

ഒരു പതിറ്റാണ്ടിനിടെ, വടക്കുകിഴക്കൻ മേഖല വികസനത്തിനുള്ള ബജറ്റ് വിഹിതം പല മടങ്ങ് വർദ്ധിച്ച് ഈ സാമ്പത്തിക വർഷം 5,900 കോടി രൂപയായി. മേഖലയിലെ വ്യാവസായിക വികസനത്തിനായി ഉത്തർ പൂർവ്വ പരിവർത്തന വ്യവസായവൽക്കരണ പദ്ധതിയും സർക്കാർ നടപ്പിലാക്കി വരുന്നു.

(മ്യൂസിക്)

&&&&&&&&&&&&&&&&&&

## HEADLINE 5

## TEST SERIES - IND VS WI

ഇന്ത്യയും വെസ്റ്റ് ഇൻഡീസും തമ്മിലുള്ള രണ്ട് മത്സരങ്ങടങ്ങിയ ടെസ്റ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. അഹമ്മദാബാദ് നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാവിലെ 9:30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

## HEADLINE 5 A

## SUPER LEAGUE KERALA

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണ് ഇന്ന് കോഴിക്കോട് ഇഎംഎസ് സ്റ്റേഡിയത്തിൽ തുടക്കമാകും. രാത്രി 7.30 ന് നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ കാലിക്കറ്റ് എഫ്.സി, ഫോഴ്സ കൊച്ചിയെ നേരിടും. രണ്ടര മാസത്തോളം നീണ്ടുനിൽക്കുന്ന ലീഗിൽ ഫൈനലടക്കം 33 മത്സരങ്ങളാണുള്ളത്.

&&&&&&&&&&&&&&&&&&

## TRIBAL VILLAGE VISION

ഗോത്രവർഗ്ഗക്കാർക്ക് മുൻഗണനയുള്ള ഒരു ലക്ഷം ഗ്രാമങ്ങളിലും ഗോത്ര സെറ്റിൽമെൻറുകളിലും ഇന്ന് പ്രത്യേക ഗ്രാമസഭകൾ ചേരും. ഈ സഭകളിൽ വെച്ച്, ഗോത്ര സമൂഹങ്ങൾ ഔദ്യോഗികമായി ട്രൈബൽ വില്ലേജ് വിഷൻ 2030 പ്രഖ്യാപനം

അംഗീകരിക്കും. കേന്ദ്ര ഗോത്രകാര്യ മന്ത്രാലയം ആരംഭിച്ച ആദി കർമ്മയോഗി അഭിയാന്റെ ഭാഗമായാണിത്. ഓരോ ഗ്രാമത്തിലും പൊതു സേവനങ്ങൾക്കായി ഒരു ആദി സേവാ കേന്ദ്രം സ്ഥാപിക്കുമെന്നും, വിവിധ ഭാഷകളിലുള്ള ആശയവിനിമയത്തിനായി എഐ-അധിഷ്ഠിത ആദി വാണി ആപ്പ് ഉപയോഗിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## ASHWINI VAISHNAW

ഡിജിറ്റൽ വിദ്യാഭ്യാസം ജനാധിപത്യവൽക്കരിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഡിജിറ്റൽ യൂണിവേഴ്സിറ്റി പ്ലാറ്റ്ഫോം NIELIT, കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ബീഹാർ, ഒഡീഷ ,ആന്ധ്രാപ്രദേശ്, മിസോറാം സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ദാമനിലുമാണ് പുതിയ NIELIT സ്ഥാപിക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&

&&&